ഉത്തരം

(എ) ഉണ്ട്. ഇടുക്കി ജില്ലയിൽ കടക്കെണിമൂലം 2004-ൽ 3 കർഷകർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവരുടെ പേരു വിവരം ചുവടെ ചേർക്കുന്നു :

1. മാത്യു തോമസ്, കൂടംപറമ്പിൽ, കൊക്കയാർ, പീരുമേട്.
2. കുര്യൻ കുര്യൻ, കമ്പനി തെക്കേതിൽ, ബൈസൺവാലി, ഇടുക്കി.
3. മാത്യു ജോൺ, വാണിയംപുരയ്ക്കൽ, രാജകുമാരി, ഇടുക്കി.

(ബി) ഇടുക്കി ജില്ലയിൽ ആത്മഹത്യ ചെയ്ത 3 കർഷകരുടെ കുടുംബങ്ങൾക്ക് അടിയന്തിര ധനസഹായം നൽകുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നും 50,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്.

ആത്മഹത്യ ചെയ്ത രാഘവൻ നായരുടെ കുടുംബത്തിന് ധനസഹായം

68 [1007] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പുല്ലൂർ-പെരിയ പഞ്ചായത്തിൽ കാർഷിക കടം തിരിച്ചടയ്ക്കാൻ സാധിക്കാത്തതുമൂലം ആത്മഹത്യ ചെയ്ത രാഘവൻ നായരുടെ കുടുംബത്തിന് എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) കുടുംബത്തെ സഹായിക്കണമെന്ന് ആവശ്യപ്പെട്ട് പരേതന്റെ ഭാര്യ കാർത്ത്യായനി സമർപ്പിച്ച ഹർജിയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ഇല്ല.

(സി) ശ്രീമതി കാർത്ത്യായനി സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ പരേതന്റെ കുടുംബത്തിന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കർഷക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പെൻഷൻ

69 [1008] ശ്രീ. കെ. മുഹമ്മദാലി :
,, എം. എം. ഹസ്സൻ :
,, എ. കെ. മണി :
,, ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക വൃത്തിയിലേർപ്പെട്ടിരിക്കുന്നവർക്ക് പെൻഷൻ കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

GPM. 2/153/2013—14

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എത്ര പേർക്ക് പെൻഷൻ കൊടുക്കേണ്ടതായി വരും ;

(സി) ഈ കർഷകർക്ക് പെൻഷൻ കൊടുക്കുന്നതിനായി ഇതുവരെ എന്തെല്ലാം നടപടികൾ സീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കണക്കാക്കിയിട്ടില്ല.

(സി) ശമ്പളമോ മറ്റു പെൻഷനോ ലഭിക്കാത്തവരും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമിയുള്ളവരും കൃഷി ഉപജീവന മാർഗ്ഗമായി ഉള്ളവരുമായ കർഷക കുടുംബത്തിലെ 60 വയസ്സ് പൂർത്തിയാക്കിയ കുടുംബനാഥൻ/കുടുംബനാഥയ്ക്ക് വർഷത്തിൽ 1,000 രൂപ (തുക 2 തവണയായി) കാർഷിക പെൻഷൻ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കർഷകർ

70 [1009] ശ്രീ. എം. എ. വാഹീദ്
,, ലൂഡി ലൂയിസ് :
,, എം. കെ. പോൾസൺ മാസ്റ്റർ :
,, കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി നിത്യവൃത്തിയായി സ്വീകരിച്ചിട്ടുള്ള എത്ര പേർ സംസ്ഥാനത്തുണ്ട് ;

(ബി) ഇവരിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ എത്ര പേർ വരും ;

(സി) 2000-ത്തെ അപേക്ഷിച്ച് 2005-ൽ എത്ര പേർ കാർഷിക വൃത്തി ഉപേക്ഷിച്ചു ;

(ഡി) അതിനുള്ള കാരണമെന്താണ് ;

(ഇ) കർഷകരെ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ കൊണ്ടുവരുന്നതിന് എന്തെല്ലാം പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) 2001 കാനേഷുമാരി കണക്കനുസരിച്ച് കേരളത്തിൽ മൊത്തം 7,40,403 കർഷകരും 16,53,601 കർഷകത്തൊഴിലാളികളും കാർഷിക വൃത്തിയിലൂടെ ഉപജീവനം കഴിച്ചുവരുന്നു.

(ബി) വിവരം ലഭ്യമല്ല.

(സി & ഡി) ഈ വിഷയത്തെക്കുറിച്ച് പഠനം നടത്തിയിട്ടില്ല.

(ഇ) ദാരിദ്ര്യരേഖയ്ക്ക് മുകളിൽ കർഷകരെ കൊണ്ടുവരുന്നതിന് കൃഷി വകുപ്പ് പ്രത്യേക പദ്ധതികളൊന്നും നടപ്പാക്കുന്നില്ല. എന്നാൽ കാർഷിക മേഖലയിൽ ഒരു ലക്ഷം യുവാക്കൾക്ക് തൊഴിൽ എന്ന പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് തൊഴിൽ നൽകുന്നതിന്റെ ഭാഗമായി 2005-06-ൽ 10000 ഹെക്ടർ തരിശായി കിടക്കുന്ന സ്ഥലത്ത്

LIBRARY ARCHIVES Kerala Legislative Assembly